കേരള സർക്കാർ



# ജലസംഗമം

2019 മേയ് 29-31

## റിപ്പോർട്ട്

ഹരിതകേരളം മിഷൻ

ജൂൺ 2019

**ജലസംഗമം 2019**
**റിപ്പോർട്ട്**

തയ്യാറാക്കിയത്
ഹരിതകേരളംമിഷൻ ടീം

പ്രസിദ്ധീകരിക്കുന്നത്
ഹരിതകേരളം മിഷൻ
റ്റി.സി. 2/3271(3)(4)
ഹരിതം, കുട്ടനാട് ലെയിൻ
പട്ടം പാലസ് പി.ഒ.
തിരുവനന്തപുരം 695004

ജൂൺ 2019

# ജലസംഗമം 2019

ശുചിയായ പരിസരവും ശുദ്ധജലവും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുകയെന്ന ലക്ഷ്യപ്രാപ്തിയ്ക്കായി പ്രവർത്തിക്കുന്ന ഹരിതകേരളം മിഷന്റെ ഭാഗമായി അനവധി മാതൃകാ പ്രവർത്തനങ്ങൾ ഇതിനകം നടന്നു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജലസംരക്ഷണ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ജനകീയമായി ഏറ്റെടുത്ത് നടപ്പാക്കിയ അനവധി പ്രവർത്തനങ്ങൾ സമാനരീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ തൽപരരായവരെ ഈ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനും, നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമായ പരിപാലനം ഉറപ്പാക്കിക്കൊണ്ട് സ്ഥായിയായി നിലനിർത്തുന്നതിന് ആവശ്യമായ വിദഗ്ധ നിർദ്ദേശം ലഭ്യമാക്കുന്നതിനും വേണ്ടി 2019 മേയ് 29, 30, 31 തീയതികളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലസംഗമം സംഘടിപ്പിച്ചു.

### പശ്ചാത്തലം

ഹരിതകേരളം മിഷൻ രൂപീകൃതമായതിനുശേഷം ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇവ ഓരോന്നും അവയുടെ സംഘാടനം, പ്രവർത്തനരീതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മറ്റ് ജനപ്രതിനിധികളുടേയും നേതൃത്വം, ജനകീയ പങ്കാളിത്തം, സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം മുതലായവയിൽ തനതും ഒന്നിനൊന്ന് വ്യത്യസ്തവുമായ മാതൃകകളും ആണ്. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടന്നുവരുന്ന ജനകീയ ജലസംരക്ഷണ പ്രവർത്തനങ്ങൾ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന കിള്ളിയാർ പുനരുജ്ജീവന പ്രവർത്തനം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ വരട്ടാർ പുനരുജ്ജീവനം, ആലപ്പുഴയിലെ കുട്ടംപേരൂരാർ പുനരുജ്ജീവനം, കോട്ടയം ജില്ലയിലെ മീനച്ചിലാർ- മീനന്തറയാർ-കൊടൂരാർ പുനർ സംയോജന പദ്ധതി, മണിമലയാർ പുനരുജ്ജീവനം, എറണാകുളം ജില്ലയിലെ എന്റെ കുളം പദ്ധതി, തൃശൂർ ജില്ലയിലെ പെരുന്തോട് നവീകരണം, പാലക്കാട് ഗായത്രീപുഴ സംരക്ഷണം, മലപ്പുറം ജില്ലയിലെ കനോലിക്കനാൽ ശുചീകരണം, കണ്ണൂർ ജില്ലയിലെ കാനാമ്പുഴ പുനരുജ്ജീവനം മുതലായവ ഇവയിൽ എടുത്തു പറയാവുന്നതാണ്. ഇത്തരത്തിൽ നടന്ന പുഴപുനരുജ്ജീവന പ്രവർത്തനങ്ങളിൽ അനുവർത്തിച്ചതും മറ്റു സ്ഥലങ്ങളിൽ പുനരാവിഷ്കരിക്കാൻ കഴിയുന്നതുമായ പ്രവർത്തന രീതികൾ കൂട്ടിച്ചേർത്ത് പുഴപുനരുജ്ജീവനത്തിനുള്ള ഒരു കരട് പ്രവർത്തനരേഖ തയ്യാറാക്കുകയും 2018 ഒക്ടോബർ 25-26 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പുഴപുനരുജ്ജീവന ശിൽപ്പശാലയിൽ ചർച്ച ചെയ്ത് മൂർത്തമാക്കുകയും ചെയ്തു. തുടർന്ന് ഇതിന്റെ പകർപ്പ് അച്ചടിച്ച് ലഭ്യമാക്കി. അതോടൊപ്പം തന്നെ മാതൃകാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർ അവരുടെ പ്രവർത്തന അനുഭവങ്ങൾ ഈ ശിൽപ്പശാലയിൽ പങ്കുവയ്ക്കുകയും ചെയ്തു. ഈ ശിൽപ്പശാലയിലെ പാഠങ്ങൾ ഉൾക്കൊണ്ട് കൊട്ടാരക്കര പാണ്ടിവയൽ തോട് പുനരുജ്ജീവന പ്രവർത്തനം പോലെയുള്ള വളരെ ശ്രദ്ധേയമായ നിരവധി പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. തുടർന്ന് ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2018 ഡിസംബർ 8-ാം തീയതി എല്ലാപേരും ജലാശയങ്ങളിലേയ്ക്ക് എന്ന പേരിൽ സംസ്ഥാന വ്യാപകമായി പുഴപുനരുജ്ജീവന പ്രവർത്തനങ്ങളും നടന്നു.

### ജില്ലാ ജലസംഗമങ്ങൾ

ജില്ലകളിൽ നടന്ന മാതൃകാ ജലസംരക്ഷണ പ്രവർത്തനങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും ജലസംഗമങ്ങൾ സംഘടിപ്പിച്ചു. മാതൃകാ പ്രവർത്തനങ്ങളോടൊപ്പം വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങളും ഈ ജലസംഗമങ്ങളിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കി. തുടർന്ന് ജില്ലകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ആസൂത്രണവും നടന്നു.

### ജലസംഗമം 2019

ജനകീയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളെ സുസ്ഥിരമായി നിലനിർത്തുന്നത് ഒരുവ

ലിയ വെല്ലുവിളിയാണ്. കൃത്യമായ ആസൂത്രണവും സാങ്കേതിക പിന്തുണയും സാധ്യമാക്കിക്കൊണ്ട് മാത്രമേ ഇത് ഉറപ്പാക്കാനാകൂ. ഇതിനായി ജില്ലാജലസംഗമങ്ങളിലെ മികച്ച അവതരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും അവയോടുള്ള വിദഗ്ധരുടെ പ്രതികരണമാരാഞ്ഞുകൊണ്ടും മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു സംസ്ഥാന ജലസംഗമം നടത്തണമെന്ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലും തുടർന്ന് നടന്ന ജല ഉപമിഷൻ സംസ്ഥാന കർമ്മസമിതി യോഗത്തിലും തീരുമാനമെടുത്തു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അവതരണങ്ങൾ ആണ് ജലസംഗമത്തിൽ ഏറ്റവും പ്രധാനമായി നടക്കേണ്ടത് എന്ന് തീരുമാനിച്ചു. ഈ അവതരണങ്ങൾ ''നദീപുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും'', ''കേരളത്തിന്റെ ജലസുരക്ഷയും പ്രാദേശിക സ്രോതസ്സുകളും'', ''നഗരനീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും'' എന്നിങ്ങനെ മൂന്നു മേഖലകളായി തിരിക്കുന്നത് ശാസ്ത്രീയ പഠനത്തിനു സഹായകരമാകുമെന്ന് കണ്ടെത്തി ഓരോ വിഷയത്തിലേയും മേഖലയിലെയും വിദഗ്ധരെ വിദഗ്ധരായ ആൾക്കാരെ വിവിധ ഐ.ഐ.ടി.കൾ, ഗവേഷണസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കണ്ടെത്താനും തീരുമാനമായി. വിദഗ്ധരുടെ അവതരണങ്ങളോടുള്ള പ്രതികരണങ്ങളോടൊപ്പം അവരവർക്ക് വൈദഗ്ധ്യമുള്ള മേഖലയിലെ അവതരണങ്ങളും ഉൾപ്പെടുത്താനും രണ്ടാം ദിവസം വൈകുന്നേരം ബഹു. ധനകാര്യ വകുപ്പുമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ വിദഗ്ധരുടെ ഒരു യോഗം ചേരുകയും നടന്ന അവതരണങ്ങളുടെ കൂടി അടിസ്ഥാനത്തിൽ മുന്നോട്ടുള്ള പ്രവർത്തന പരിപാടി സംബന്ധിച്ച് ആലോചന നടത്താനും തീരുമാനിച്ചു. ബഹു. മുഖ്യമന്ത്രി ഉദ് ഘാടനം ചെയ്യുന്ന യോഗത്തിൽ വച്ച് ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണ മേഖലയിൽ നടന്ന മാതൃകാ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പുസ്തകവും ''ഹരിതദൃഷ്ടി'' മോണിട്ടറിംഗ് മൊബൈൽ ആപ്ലിക്കേഷൻ പ്രകാശനം ചെയ്യാനും തീരുമാനമായി. ജലസംഗമത്തോടനുബന്ധിച്ച് മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു പ്രദർശനവും ഒന്നാം ദിവസം വിദഗ്ധരേയും ജനപ്രതിനിധികളേയും ഉൾപ്പെടുത്തി മാതൃകാ പ്രവർത്തനങ്ങൾ നടന്ന മൂന്ന് സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് വിസിറ്റ് നടത്താനും തീരുമാനിച്ചു.

## സംഘാടക സമിതി

സംസ്ഥാന ജലസംഗമത്തിന്റെ വിജയകരമായ നടത്തിപ്പിനായി ബഹു. ജലവിഭവ വകുപ്പ് മന്ത്രി ചെയർമാനായും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ്ചെയർ പേഴ്സൺ ജനറൽ കൺവീനറായും ഒരു സംഘാടക സമിതിയ്ക്ക് രൂപം കൊടുത്തിരുന്നു. കൂടാതെ വിവിധ സബ്കമ്മിറ്റികളും രൂപീകരിച്ചിരുന്നു.

# ജലസംഗമം

**2019 മേയ് 29, 30, 31 തീയതികളിൽ**
**തിരുവനന്തപുരം ടാഗോർ തീയേറ്റർ**

## സന്ദർശന പരിപാടി

ജലസംഗമത്തിന്റെ ഭാഗമായി 2019 മേയ് മാസം 29-ാം തീയതി പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം, പുഴപുനരുജ്ജീവനം, നഗര നീർച്ചാലുകളുടെ ശുദ്ധീകരണം എന്നിങ്ങനെ മൂന്ന് മേഖലകളിൽ മികവാർന്ന പ്രവർത്തനം നടത്തിയ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലം, കോട്ടയം മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പദ്ധതി പ്രദേശം ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മുനിസിപ്പാലിറ്റി നെടുമുടി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഒരു സന്ദർശന പരിപാടി സംഘടിപ്പിച്ചിരുന്നു. വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദഗ്ധർ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ തുടങ്ങിയവർ മൂന്ന് സംഘങ്ങളായി തിരിഞ്ഞ് ഈ സന്ദർശന പരിപാടിയിൽ പങ്കെടുത്തു.

## എക്സിബിഷൻ

2019 മെയ് 29 മുതൽ 31 വരെ ജലസംഗമത്തിന്റെ ഭാഗമായി ടാഗോർ തീയേറ്റർ പരിസരത്ത് വളരെ വിപുലമായ ഒരു പ്രദർശനവും സംഘടിപ്പിച്ചിരുന്നു. 29.05.19 ന് രാവിലെ 11 മണിക്ക് ഹരിതകേരളം എക്സിക്യൂട്ടീവ്



വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും ഈ പ്രദർശനത്തിൽ പങ്കാളികളായി.

## പ്രദർശനത്തിൽ പങ്കെടുത്തവർ

1. ഹരിതകേരളം മിഷൻ
2. പബ്ലിക് റിലേഷൻസ് വകുപ്പ്
3. ജലസേചന വകുപ്പ്
4. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
5. ഭൂജല വകുപ്പ്
6. കേരള വാട്ടർ അതോറിട്ടി
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
8. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് & മാനേജ്മെന്റ്(സി.ഡബ്ല്യു.ആർ.ഡി.എം.)
9. കേരള കാർഷിക സർവ്വകലാശാല
10. ഫാം ഇൻഫർമേഷൻ ബ്യൂറോ
11. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർഷെഡ് ഡവലപ്മെന്റ് & മാനേജ്മെന്റ് കേരള (ഐ.ഡബ്ല്യു.ഡി.എം.കെ.)
12. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
13. ശുചിത്വ മിഷൻ
14. കാൻ ആലപ്പി
15. കാട്ടാക്കട ജലസമൃദ്ധി
16. തഴവ ഗ്രാമപഞ്ചായത്ത്
17. ചെങ്കൽ ഗ്രാമപഞ്ചായത്ത്
18. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)
19. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനസംയോജന പദ്ധതി
20. ബയോസ്റ്റാർവേഞ്ചേഴ്സ്
21. സെന്റ് തെരേസാസ് കോളേജ്, എറണാകുളം

## വിദഗ്ധരുടെ പങ്കാളിത്തം

സംസ്ഥാനത്തു നടന്ന മാതൃകാ പ്രവർത്തനങ്ങൾ വിലയിരുത്തികൊണ്ടും അവയെ ശാസ്ത്രീയമായ രീതിയിൽ പരിപാലിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള 23 വിദഗ്ധർ ജലസംഗമത്തിൽ ആദ്യാവസാനം പങ്കെടുത്തു. ഓരോരുത്തരും ഈ രംഗത്ത് നടത്തിയ ഇടപെടലുകളിലെ അനുഭവങ്ങളും വിവിധ സെഷനുകളിൽ അവർ പങ്കുവച്ചു.

# ജലസംഗമത്തിൽ പങ്കെടുത്ത വിദഗ്ധർ

| ക്രമനമ്പർ | പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ. മനോജ് കെ ജെയ്ൻ | ഐ.ഐ.ടി. റൂർക്കി |
| 2 | ഡോ. വിനോദ് താരെ | ഐ.ഐ.ടി. കാൻപൂർ |
| 3 | ഡോ.ആതിര പി. | ഐ.ഐ.ടി പാലക്കാട് |
| 4 | ഡോ. എൻ.സി.നാരായണൻ | ഐ.ഐ.ടി ബോംബെ |
| 5 | ഡോ. ടി. എൽദോ | ഐ.ഐ.ടി ബോംബെ |
| 6 | ഡോ. സന്തോഷ് തമ്പി | എൻ.ഐ.ടി കോഴിക്കോട് |
| 7 | ജോയ് കെ.ജെ. | സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഇക്കോസിസ്റ്റം മാനേജ്മെന്റ് |
| 8 | അശുതോഷ് ഭട്ട് | ഗ്രാമവികാസ് |
| 9 | രാജീവ് സിംങ്ങാൻ | കേന്ദ്രജല കമ്മീഷൻ |
| 10 | പങ്കജ് കുമാർ ഷർമ | കേന്ദ്രജല കമ്മീഷൻ |
| 11 | ഡോ.നീനാ ഐസക് | സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെ |
| 12 | മധുലിക ചൗധരി | എൻവയോൺമെന്റൽ ആക്ടിവിസ്റ്റ് |
| 13 | പ്രദീപ് കുമാർ | ബയോസ്റ്റാർട്ട്സ് വെഞ്ചുവേഴ്സ് |
| 14 | ഡോ. സുജ ആർ. | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ |
| 15 | ആർ. രാമകുമാർ | സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം |
| 16 | ജേക്കബ് ജോൺ | അസിം പ്രേംജി ഫിലാന്ത്രോപ്പിക് ഇനിഷിയേറ്റീവ്സ് |
| 17 | ഡോ. അനിത എ.ബി. | സി.ഡബ്ല്യൂ.ആർ.ഡി.എം. |
| 18 | ഡോ.ദിനേഷൻ വി.പി. | സി.ഡബ്ല്യൂ.ആർ.ഡി.എം. |
| 19 | വി കുഞ്ഞമ്പു | കേന്ദ്രഭൂജല ബോർഡ് |
| 20 | ഡോ. പി.എസ്. ഹരികുമാർ | സി.ഡബ്ല്യൂ.ആർ.ഡി.എം. |
| 21 | സുനിൽകുമാർ | കേന്ദ്ര ജല കമ്മീഷൻ |
| 22 | പദ്മകുമാർ | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം |
| 23 | ബിനോയ് ഏലിയാസ് | മാർ അത്തനേഷിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം |

# സമാന്തര സെഷനുകൾ

ഹരിതകേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ തെരഞ്ഞെടുത്ത 55 പ്രവർത്തനങ്ങൾ സംബന്ധിച്ച് മൂന്ന് സമാന്തര സെഷനുകളിലായി അവയ്ക്ക് നേതൃത്വം വഹിച്ചവർ തന്നെ അവതരണം നടത്തി. വൻ ജനകീയ പങ്കാളിത്തത്തോടെ നടന്ന ഈ പ്രവർത്തനങ്ങളുടെ അവതരണങ്ങൾ സെഷനുകളിൽ പങ്കെടുത്തവർക്ക് ആവേശം നൽകുന്നതായിരുന്നു. സെഷനുകളിൽ പങ്കെടുത്ത വിദഗ്ധർ അവതരണങ്ങളോട് പ്രതികരിച്ച് സംസാരിച്ചു.



## സെഷൻ 1

### നദീപുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും

ഹരിതകേരളം മിഷന്റെ ഭാഗമായി നടന്നിട്ടുള്ള മാതൃകാ പുഴപുനരുജ്ജീവന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള 20 അവതരണങ്ങൾ ആണ് ഈ സെഷനിൽ നടന്നത്.

### അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | ജില്ല | അവതാരക/ൻ |
|---|---|---|---|
| 1 | ആദിപമ്പ വരട്ടാർ പുനരുജ്ജീവനം | പത്തനംതിട്ട | രാജേഷ് ആർ., ജില്ലാ കോർഡിനേറ്റർ, ഹരിതകേരളം മിഷൻ, പത്തനംതിട്ട |
| 2 | മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർസംയോജനം | കോട്ടയം | അഡ്വ. അനിൽകുമാർ, കോർഡിനേറ്റർ, ജനകീയ സമിതി |
| 3 | കാനാമ്പുഴ അതിജീവനം | കണ്ണൂർ | എൻ. ചന്ദ്രൻ, കൺവീനർ, കാനാമ്പുഴ അതിജീവന സമിതി |
| 4 | പാണ്ടിവയൽ തോട് പുനരുജ്ജീവനം | കൊല്ലം | എം. മുകേഷ് വൈസ്ചെയർമാൻ,കൊട്ടാരക്കര മുനിസിപ്പാലിറ്റി |
| 5 | കിള്ളിയാർ പുനരുജ്ജീവനം | തിരുവനന്തപുരം | ബി. ബിജു, പ്രസിഡന്റ്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം |
| 6 | കബനി നദി പുനരുജ്ജീവനം | വയനാട് | ബിന്ദു പ്രകാശ്, പ്രസിഡന്റ്, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 7 | മംഗലം നദീ തടത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികളുടെ മുൻഗണനയും നിർവഹണ രീതിയും നിശ്ചയിക്കുന്നതിനുള്ള നദീതടതല ആസൂത്രണം | പാലക്കാട് | ആർ.രുഗ്മിണി, അസിസ്റ്റന്റ് ഡയറക്ടർ, ലാൻഡ് യൂസ് ബോർഡ്, തൃശൂർ |
| 8 | ജലസുരക്ഷ-പാറമടകളിലെ ജലവിനിയോഗ സാധ്യതകൾ-നെടുംകുന്നം പഞ്ചായത്ത് | കോട്ടയം | ജോ ജോസഫ്, മെമ്പർ, നെടുംകുന്നം ഗ്രാമ പഞ്ചായത്ത് ആർ.സുശീല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 9 | ചെങ്കൽ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം | ചന്ദ്രലാൽ സി.വി., സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത് |
| 10 | തേജസ്വിനി നദിയുടെ കൈവഴിയായ പതിക്കാൽപുഴയുടെ പുനരുജ്ജീവനം | കാസർഗോഡ് | മാധവൻ മണിയറ, പ്രസിഡന്റ്, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് |
| 11 | മാമ്പുഴയുടെ പുനരുജ്ജീവനം | കോഴിക്കോട് | ബാബു പാറശ്ശേരി, പ്രസിഡന്റ്, കോഴിക്കോട് ജില്ലാപഞ്ചായത്ത് |
| 12 | ഇലന്തൂർ കോഴിത്തോട് പുനരുജ്ജീവനം | പത്തനംതിട്ട | എം.ബി. സത്യൻ, പ്രസിഡന്റ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് |
| 13 | പെരുംതോട് - വലിയതോട് പുനരുജ്ജീവനം | തൃശൂർ | ശ്രുതി ജോസഫ്, ഓവർസിയർ, ഇടവിലങ്ങ് ഗ്രാമപഞ്ചായത്ത് |
| 14 | അട്ടപ്പള്ളം ആനവച്ചാൽ തോട്-കുമളി ഗ്രാമപഞ്ചായത്ത് | ഇടുക്കി | ഷീബ സുരേഷ്, പ്രസിഡന്റ്, കുമളി ഗ്രാമപഞ്ചായത്ത് |
| 15 | കരിപ്പയിൽ തോട് പുനരുജ്ജീവനം | ആലപ്പുഴ | പ്രഭാമധു, പ്രസിഡന്റ്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് |
| 16 | വട്ടക്കായൽ നെൽകൃഷി | കൊല്ലം | അമ്പിളി കുട്ടൻ, മുൻ പ്രസിഡന്റ്, തഴവ ഗ്രാമപഞ്ചായത്ത് |
| 17 | സുന്ദരം-സുസ്ഥിരം-ഹരിതാഭം കാലാവസ്ഥ വ്യതിയാനം പരിഗണിച്ചുകൊണ്ടുള്ള ജനകീയ ഇടപെടൽ | കോഴിക്കോട് | എം. മനോജ്കുമാർ, പ്രസിഡന്റ്, കോഴിക്കോട് ബ്ലോക്ക്പഞ്ചായത്ത് |

| | | | |
|---|---|---|---|
| 18 | പ്രളയാനന്തര നെൽകൃഷി പുനർസ്ഥാപനം | കോട്ടയം | ജോസഫ് റെഫിൻ ജെഫ്രി, കൃഷി ഓഫീസർ, കോട്ടയം ജില്ല |
| 19 | ജലായനം | പാലക്കാട് | പ്രതീഷ്, അസിസ്റ്റന്റ് പ്രൊഫസർ, കൊമേർസ്,എൻ.എസ്.എസ്. യൂണിറ്റ്, ചിറ്റൂർ |
| 20 | കുട്ടനാടൻ നെൽകൃഷി പുനരുജ്ജീ വനം | ആലപ്പുഴ | സുമേഷ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പുന്നയൂർ |




## വിദഗ്ധ അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | അവതാരക/ൻ |
|---|---|---|
| 1 | മഹാനദീ ഡെൽറ്റയുടെ നദികളുടെ പുനരുജ്ജീവനം, ഒഡീഷ | ഡോ.നീന ഐസക്, ശാസ്ത്രജ്ഞ, സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ |
| 2 | ഭാരതപ്പുഴ നദീതടത്തിലെ ജലവിഭവ പ രിപാലനം | ഡോ. ആതിര.പി., അസി. പ്രൊഫസർ, ഐ.ഐ.ടി., പാലക്കാട് |
| 3 | പുഴപുനരുജ്ജീവനത്തിനുള്ള പരിപാ ലന നിർവഹണ പ്ലാൻ തയ്യാറാക്കേ ണ്ടതിന്റെ ആവശ്യകത | ഡോ. ദിനേശൻ വി.പി., ഹെഡ് & സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ്, സി.ഡബ്ല്യു.ആർ.ഡി.എം. |
| 4 | ജലസംരക്ഷണത്തിൽ വ്യവസായത്തിന്റെ പങ്ക് | ശ്രീ. രാജീവ് സിങ്ങ്ഗാൾ, ഡയറക്ടർ, ഡി.എസ്.എം., സെൻട്രൽ വാട്ടർ കമ്മീഷൻ |
| 5 | ചാലക്കുടി നദീതടത്തിലെ പാരിസ്ഥിതിക നീരൊഴുക്ക് മോഡലിംഗ് | ശ്രീ. സുധീർ പടിക്കൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ |
| 6 | ആക്കുളം | ഡോ.പത്മകുമാർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം |

# സെഷൻ 2

## കേരളത്തിന്റെ ജലസുരക്ഷയും പ്രാദേശിക സ്രോതസ്സുകളും

നമ്മുടെ നദികളെ കൂടുതൽ കാലം നീരൊഴുക്കുള്ളതായി നിലനിർത്തുന്നതിന് അതിന്റെ വൃഷ്ടിപ്രദേശ പരിപാലനം വളരെ പ്രധാനമാണ്. പെയ്തു കിട്ടുന്ന ജലം പരമാവധി മണ്ണിലേയ്ക്ക് താഴ്ത്തിക്കൊണ്ട് മാത്രമേ ഇത് സാധ്യമാക്കാനാകൂ. പരമാവധി ശുദ്ധജലം ശേഖരിച്ച് നിർത്താൻ പ്രാപ്തമായ നമ്മുടെ കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ശുചീകരിച്ചു പുനരുജ്ജീവിപ്പിക്കണം. ഈ ലക്ഷ്യങ്ങൾക്ക് അനുസരണമായി നടന്ന 25 മാതൃകാ പ്രവർത്തനങ്ങൾ ആണ് ഈ സെഷനിൽ അവതരിപ്പിച്ചത്.

### അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | ജില്ല | അവതാരക/ൻ |
|---|---|---|---|
| 1 | വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി, കാട്ടാക്കട | തിരുവനന്തപുരം | ഐ.ബി.സതീഷ് എം.എൽ.എ. |
| 2 | മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഹരിതവത്കരണം | മലപ്പുറം | അഡ്വ. ഇ. സിന്ധു |
| 3 | മലപ്പുറം, മൈലാടി ക്വാറി | മലപ്പുറം | സെലീന, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |

| | | | |
|---|---|---|---|
| 4 | ജലാമൃത്-ചിറയിൻകീഴ് ബ്ലോക്ക് | തിരുവനന്തപുരം | സെക്രട്ടറി,<br>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് |
| 5 | ജലസംരക്ഷണ പ്രവർത്തനങ്ങൾ, കുറുമാത്തൂർ | കണ്ണൂർ | ഐ.വി. നാരായണൻ, പ്രസിഡന്റ്<br>കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| 6 | ജലസംരക്ഷണ പ്രവർത്തനങ്ങൾ-തളിപ്പറമ്പ | കണ്ണൂർ | ജെയിംസ് മാത്യു എം.എൽ.എ. |
| 7 | ചിലവുകുറഞ്ഞ ജലസംഭരണി | ഇടുക്കി | ജോൺസൺ, അഗ്രികൾച്ചർ ഓഫീസർ |
| 8 | ജലസംരക്ഷണം, വെള്ളിയാമറ്റം | ഇടുക്കി | സമദ്, സെക്രട്ടറി, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് |
| 9 | ജലം സുലഭം | കണ്ണൂർ | കെ.വി.സുമേഷ്,<br>പ്രസിഡന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് |
| 10 | 100 കുളം പ്രോജക്റ്റ് | എറണാകുളം | സുജിത്കരുൺ, ജില്ലാ കോർഡിനേറ്റർ,<br>ഹരിതകേരളം മിഷൻ, എറണാകുളം |
| 11 | ജലശ്രീ-ജലസുരക്ഷ പ്രോജക്റ്റ് | തിരുവനന്തപുരം | റോയ് മാത്യു, സോയിൽ കൺസർവേഷൻ ഓഫീസർ |
| 12 | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | കാസർഗോഡ് | വിധുബാല, പ്രസിഡന്റ്,<br>കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് |
| 13 | ചീമേനിയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ | കാസർഗോഡ് | പി.അജയകുമാർ, ജയിൽ സൂപ്രണ്ട്,<br>ചീമേനി |
| 14 | പീലിക്കോട് ഗ്രാമപഞ്ചായത്തിലെ ഇടപെടലുകൾ | കാസർഗോഡ് | ടി.വി.ശ്രീധരൻ, പ്രസിഡന്റ്, പീലിക്കോട് ഗ്രാമപഞ്ചായത്ത് |
| 15 | മടിക്കൈ ഗ്രാമപഞ്ചായത്ത് | കാസർഗോഡ് | ശ്രീകാന്ത്, യുഡിസി, മടിക്കൈ ഗ്രാമപഞ്ചായത്ത് |
| 16 | ഊർക്കാട്ടിരിയിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ | മലപ്പുറം | എൻ.കെ.ഷൗക്കത്ത് അലി, പ്രസിഡന്റ്<br>ഊർക്കാട്ടിരി ഗ്രാമപഞ്ചായത്ത് |
| 17 | കവിയൂർപുഞ്ച | പത്തനംതിട്ട | സുബിൻ,<br>ജില്ലാപഞ്ചായത്ത് മെമ്പർ,പത്തനംതിട്ട |
| 18 | പെരിനാട് ഗ്രാമപഞ്ചായത്ത് | കൊല്ലം | എൽ. അനിൽ, പ്രസിഡന്റ്, പെരിനാട് ഗ്രാമപഞ്ചായത്ത് |
| 19 | കരിംതോടുകര ഏലാകുളം പുനരുജ്ജീവനം-ചടയമംഗലം പഞ്ചായത്ത് | കൊല്ലം | സുധികുമാർ, സോയിൽ കൺസർവേഷൻ, ഓഫീസർ |
| 20 | മഴവെള്ള സംഭരണി-തുരുത്തിക്കര മോഡൽ | എറണാകുളം | പി.കെ. തങ്കച്ചൻ, കൺവീനർ, റൂറൽ സയൻസ് ആന്റ് ടെക്നോളജി സെന്റർ |
| 21 | മഴവെള്ള സംഭരണം-ഉറവപ്പാറ | ഇടുക്കി | ബിജി, എയർപോർട്ട് ഓഫീസർ |
| 22 | ജലസംരക്ഷണം-മുരിയാട് പഞ്ചായത്ത് | തൃശൂർ | സരള വിക്രമൻ, പ്രസിഡന്റ്,<br>മുരിയാട് ഗ്രാമപഞ്ചായത്ത് |
| 23 | പായം ഗ്രാമപഞ്ചായത്ത് | കണ്ണൂർ | എൻ. അശോകൻ, പ്രസിഡന്റ്,<br>പായം ഗ്രാമപഞ്ചായത്ത് |
| 24 | ജലസംരക്ഷണം, മുട്ടിക്കുളങ്ങര | പാലക്കാട് | സജി,<br>അസിസ്റ്റന്റ് കമാന്റർ (റിട്ട.)പാലക്കാട് |
| 25 | ഇലവീഴാപൂഞ്ചിറ | കോട്ടയം | ബാജി ചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |









## വിദഗ്ധ അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | അവതാരക/ൻ |
|---|---|---|
| 1 | ജലസുരക്ഷയുള്ള സംയോജിത ജലവിഭവ പരിപാലനം | ഡോ. മനോജ് കെ ജെയ്ൻ, എച്ച്.ഒ.ഡി., ഹൈഡ്രോളജി, ഐ.ഐ.റ്റി. റൂർക്ക |
| 2 | കാസർഗോഡ് ജില്ലയ്ക്കുള്ള വരൾച്ചാ പ്രതിരോധ മാർഗ്ഗങ്ങൾ | ഡോ. സജിത്ത് ബാബു ഐ.എ.എസ്., ഡിസ്ട്രിക് കളക്ടർ, കാസർഗോഡ് |
| 3 | ജലസുരക്ഷാ പ്ലാനിന് പ്രാദേശിക ജലസ്രോതസ്സുകൾ | ഡോ. ടി.എൽദോ, ഐ.ഐ.റ്റി. ബോംബെ |
| 4 | ജലവിഭവ സുസ്ഥിരതാ പരിപാടി | അശുതോഷ് ബട്ട്, ഗ്രാമ് വികാസ് |
| 5 | ജലവിഭവ മേഖലയിലെ വെല്ലുവിളികളും മുന്നോട്ടുള്ള പ്രയാണവും | സുനിൽ കുമാർ, ഡയറക്ടർ, ബിപി, ഡിറ്റിഇ, കേന്ദ്ര ജല കമ്മീഷൻ |
| 6 | പ്രാദേശിക ജലസ്രോതസ്സുകളുമായിട്ടുള്ള എം.വി.ഐ.പി. കനാലുകളുടെ സംയോജനം | ജയ പി. നായർ, സൂപ്രണ്ട് എഞ്ചിനീയർ, എം.വി.ഐ.പി. പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ |
| 7 | പ്രാദേശിക ജലസ്രോതസ്സുകളും സുസ്ഥിരതാ വെല്ലുവിളികളും | ജോയ് കെ ജെ, സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഇക്കോസിസ്റ്റം മാനേജ്മെന്റ് |

## സെഷൻ 3

### നഗരനീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും

നഗരങ്ങളിലെ നദീ കനാൽ ശൃംഖലകൾ വളരെയധികം മലിനീകരിക്കപ്പെട്ട അവസ്ഥയിലാണ്. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിലൂടെയും മറ്റും ഇവ ശുദ്ധീകരിച്ച് നിലനിർത്തേണ്ട ആവശ്യം ജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി പലസ്ഥലങ്ങളിലും അവർ മുന്നിട്ടിറങ്ങി ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. ചെലവുകുറഞ്ഞ മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിച്ചുകൊണ്ട് ഇവയെ സുസ്ഥിരമായി നിലനിർത്തുന്നതിന് ശാസ്ത്രീയമായ ഇടപെടലുകൾ ആവശ്യമുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് നടന്നിട്ടുള്ള മാതൃകാ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്ന 10 അവതരണങ്ങൾ ഈ സെഷനിൽ നടന്നു.

| ക്രമനമ്പർ | വിഷയം | ജില്ല | അവതാരക/ൻ |
|---|---|---|---|
| 1 | ആലപ്പുഴ കനാൽ പുനരുജ്ജീവനം-കാഴ്ചപ്പാടും പശ്ചാത്തലവും | ആലപ്പുഴ | ഡോ.എൻ.സി. നാരായണൻ, ഐ.ഐ.റ്റി. ബോംബെ |
| 2 | കനാൽ നവീകരണവുമായി ബന്ധപ്പെട്ട കാര്യക്ഷമത പരിപോഷണം | ആലപ്പുഴ | പി.ജയരാജ്, കില |
| 3 | ജനകീയ പങ്കാളിത്തവും സ്ഥാപനവത്കരണവും | ആലപ്പുഴ | എം.ആർ. പ്രേം, മുനിസിപ്പൽ കൗൺസിലർ, ആലപ്പുഴ<br>രോഹിത്ത് ജോസഫ്, ടീം ക്യാൻ ആലപ്പി |
| 4 | പെരുവൻമാട് കനാൽ-ഫറോക്ക് മുനിസിപ്പാലറ്റി | കോഴിക്കോട് | സജീഷ്, ജൂനിയർ, ഹെൽത്ത് ഇൻസ്പെക്ടർ |
| 5 | ജലസംരക്ഷണ ഇടപെടലുകൾ-പൊന്നാനി മുനിസിപ്പാലിറ്റി | മലപ്പുറം | സി.പി.മുഹമ്മദ് കുഞ്ഞ്, ചെയർമാൻ, പൊന്നാനി മുനിസിപ്പൽ |
| 6 | വടകരയിലെ പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം | കോഴിക്കോട് | മണലിൽ മോഹൻ, ഹരിയാലി, ഹരിതസഹായ സ്ഥാപനം, വടകര |
| 7 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | കോഴിക്കോട് | പ്രസാദ് കെ.എം., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 8 | വലിയതോട് പുനരുജ്ജീവനം, മലപ്പുറം നഗരസഭ | മലപ്പുറം | കൃഷ്ണകുമാർ, സെക്രട്ടറി, മലപ്പുറം നഗരസഭ |
| 9 | ഓപ്പറേഷൻ കനോലികനാൽ | കോഴിക്കോട് | ബിജു ഫ്രാൻസിസ്, സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ |
| 10 | കോണോത്തുപുഴ പുനരുജ്ജീവനം | എറണാകുളം | ബാജിചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വകുപ്പ് |



## വിദഗ്ധ അവതരണങ്ങൾ

| ക്രമനമ്പർ | വിഷയം | അവതാരക/ൻ |
|---|---|---|
| 1 | ആക്കുളത്തിന്റെയും അതിന്റെ നീർത്തടത്തിന്റെയും പുനരുജ്ജീവനം | ഡോ.സുജ.ആർ<br>അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൻഹിൽ |
| 2 | ജലസുരക്ഷയ്ക്കും ജലപരിപാലനത്തിനുമുള്ള ബയോ എഞ്ചിനീയറിംഗ് പരിഹാരമാർഗ്ഗങ്ങൾ | ശ്രീ.പ്രദീപ്കുമാർ<br>ഗ്രേവാട്ടർ ട്രീറ്റ്മെന്റ് എക്സ്പേർട്ട്,<br>ബയോസ്റ്റാർട്ട് വെഞ്ചുവേർസ് |
| 3 | ജലഗുണനിലവാരവും ആരോഗ്യവും | ഡോ.ദീപു, ശാസ്ത്രജ്ഞൻ, സി.ഡബ്ല്യു.ആർ.ഡി.എം. |
| 4 | ജലഗുണനിലവാര മോണിട്ടറിംഗ് ശൃംഖലയും കേന്ദ്രജലകമ്മീഷന്റെ പങ്കും | ശ്രീ. പങ്കജ് കുമാർ ശർമ്മ<br>ഡയറക്ടർ, ആർ.ഡി.2, കേന്ദ്രജല കമ്മീഷൻ |
| 5 | സംയോജിത തണ്ണീർതട പരിപാലന സംവിധാനം | മധുലിക ചൗധരി, ദ്രുവംഷ് സംഘടന, |
| 6 | പ്ലേയിംഗ് വിത്ത് വാട്ടർ ആന്റ് വാട്ടർ ബോഡീസ് ഫോർ ലൈഫ് ആന്റ് ഫോർ ബിസിനസ്സ് | ഡോ. വിനോദ് താരേ, പ്രൊഫസർ, ഐ.ഐ.ടി. കാൺപൂർ |

## ജലസംഗമം ഉദ്ഘാടനം

മൂന്നു ദിവസമായി നടന്ന ജലസംഗമത്തിന്റെ ഉദ്ഘാടനം 2019 മെയ് മാസം 30-ാം തീയതി വൈകുന്നേരം 3 മണിയ്ക്ക് ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിച്ചു. ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.കെ.കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് നടന്ന പ്രധാനപ്പെട്ട ജല സംരക്ഷണ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന 'തെളിനീരിന്റെ വിജയഗാഥ' എന്ന പുസ്തകം ബഹു. എം.എൽ.എ. ശ്രീ. ജെയിസ് മാത്യുവിന് നൽകി പ്രകാശനം നിർവഹിച്ചു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനായി IIITMKയുടെ സഹായത്തോടെ തയ്യാറാക്കിയ ''ഹരിതദൃഷ്ടി'' എന്ന സോഫ്ട് വെയറും മൊബൈൽ ആപ്ലിക്കേഷനും ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്മന്ത്രി ശ്രീ.വി.എസ്. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു.





വെള്ളത്തിന്റെ വില തിരിച്ചറിയാനും അത് വേണ്ട വിധം സംരക്ഷിക്കാനും നമുക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ജലസംഗമം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ജലസംരക്ഷണം സാധ്യമായാൽ കൃഷിയിൽ അത്ഭുതകരമായ മാറ്റമുണ്ടാക്കാനാകും. ജലസംരക്ഷണത്തിൽ ശാസ്ത്രീയമായ സമീപനമുണ്ടാകണം. കുട്ടികൾ മുതൽ ഇക്കാര്യത്തിൽ അവബോധം പൊതുബോധമായി വളർത്തണം. ജലസംരക്ഷണത്തിനായി ഇതുവരെ നടത്തിയ ചെറുതും വലുതുമായ പ്രവർത്തനങ്ങൾ മികച്ച ഫലമുണ്ടാക്കിയിട്ടുണ്ട്. ഒട്ടേറെ നദികൾ വീണ്ടെടുക്കാൻ നമുക്കു കഴിഞ്ഞു. പ്രളയകാലത്ത് ഈ നദികളിലൂടെ വെള്ളം ഒഴുകി നവകേരളത്തിൽ വെള്ളവും വായുവും എല്ലാം ശുദ്ധമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് ഉപയോഗയോഗ്യമായ ജലത്തിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് നാം ഉപയോഗിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി പറഞ്ഞു. കൃഷിക്ക് കൃത്യമായ ജലസേചനം നടത്തിയാൽ വിളയിൽ വലിയ കുതിച്ചുചാട്ടമുണ്ടാകും. കമ്മ്യൂണിറ്റി ഇറിഗേഷൻ ഉൾപ്പെടെയുള്ള സാധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിഗണിക്കണമെന്ന് അദ്ദേഹം പറഞ്ഞു.




ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രധാനമാണ് മാലിന്യ സംസ്കരണവും ജലസ്രോതസ്സുകളിലെ മാലിന്യം നീക്കം ചെയ്യലുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി.മൊയ്തീൻ പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകണമെന്നും മാലിന്യപ്രശ്നം പരിഹരിക്കുക എന്നത് വികസന പ്രക്രിയയായി കാണണമെന്നും അദ്ദേഹം പറഞ്ഞു.

ജനകീയ കൂട്ടായ്മയിലൂടെ വീണ്ടെടുത്ത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിൽ പ്രത്യേകശ്രദ്ധവയ്ക്കണമെന്ന് കൃഷിവകുപ്പ് മന്ത്രി ശ്രീ.വി.എസ്.സുനിൽകുമാർ പറഞ്ഞു. ഒഴുകിപ്പോകുന്ന ഉപരിതല ജലത്തെ പരമാവധി സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കണം. നദികളിലെ മാലിന്യനിർമ്മാർജനത്തിന് മുമ്പ് അതിന്റെ കൈവഴികളിൽ പുനരുദ്ധാരണ പ്രവർത്തനം നടത്തണമെന്നും ശ്രീ വി.എസ്.സുനിൽ കുമാർ പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിൽ തിരുവനന്തപുരം നഗരസഭാ മേയർ ശ്രീ. വി.കെ. പ്രശാന്ത്, ശ്രീ. ഐ.ബി.സതീഷ് എം.എൽ.എ. ശ്രീ. ജെയിംസ് മാത്യു എം.എൽ.എ., നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്പ്, മേയേഴ്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, ചേംബർ ഓഫ് മുനിസിപ്പൽ ചേംബർ ചെയർമാൻ ശ്രീ. വി.വി. രമേശൻ, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ആർ.സുഭാഷ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി അഡ്വ. കെ.തുളസീഭായി എന്നിവർ ആശംസകൾ അർപ്പിച്ചു. ഹരിതകേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ സ്വാഗതമാശംസിച്ചു. ഹരിതകേരളം മിഷൻ കൺസൾട്ടന്റ് ശ്രീ. എബ്രഹാം കോശി നന്ദി പ്രകാശിപ്പിച്ചു.



ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, എന്നിവരും ജലസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരും വിദഗ്ധരും ഉൾപ്പെടെ ശ്രദ്ധേയമായ പങ്കാളിത്തമായിരുന്നു ജലസംഗമത്തിൽ ഉണ്ടായിരുന്നത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പ്രസിഡന്റ് ഉൾപ്പെടെ രണ്ട് വീതം ജനപ്രതിനിധികൾ, ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, കൃഷി വകുപ്പ്,

നഗരകാര്യവകുപ്പ്, മണ്ണ്സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിവിധ നദീ സംരക്ഷണ സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് പ്രധാനമായും ജലസംഗമത്തിന് എത്തിയത്. ജില്ലാ ടാസ്ക്ഫോഴ്സ് ടീം അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

## ഹരിതദൃഷ്ടി മൊബൈൽആപ്ലിക്കേഷൻ

ഹരിതകേരളം മിഷന്റെ പ്രവർത്തന പുരോഗതി രേഖപ്പെടുത്താനും വിലയിരുത്താനും സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ ഹരിതദൃഷ്ടി ജലസംഗമ വേദിയിൽ പ്രകാശനം ചെയ്തു. ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷനുകളെ സംബന്ധിച്ച് ഫീൽഡ്തലത്തിലും ജില്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥർ ജിയോടാഗ് ചെയ്ത് വിവരങ്ങൾ ഇതിലേക്ക് അപ്ലോഡ് ചെയ്യും.

കേരളത്തിലെ ജലസ്രോതസുകളുടെ ജലവിതാനവും ജലലഭ്യതയും കണക്കാക്കാൻ കഴിയുന്നുവെന്നത് ഈ ആപ്ലിക്കേഷന്റെ സവിശേഷതയാണ്. ഏതൊരാൾക്കും എല്ലാ ജലസ്ത്രോതസുകളിലെയും ജലനില വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിവരങ്ങളാണ് ഇതിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. കാട്ടാക്കടയിലെ ഭൂരിഭാഗം കുളങ്ങളിലും ജലനിരപ്പ് രേഖപ്പെടുത്തുന്നതിനായി സ്കെയിലുകൾ സ്ഥാപിച്ചു തുടങ്ങി. ക്രമേണ മറ്റു ജില്ലകളിലേക്കും ഇത് വ്യാപിപ്പിക്കും. ജലഉറവകളുടെ പരിപാലനത്തിനു പുറമേ കൃഷി, മാലിന്യ സംസ്കരണം എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇതിലൂടെ സാധിക്കും. IIITMK യാണ് ഹരിത ദൃഷ്ടി മൊബൈൽ ആപ്പ് രൂപകല്പന ചെയ്തിട്ടുള്ളത്.

## പ്ലീനറി സെഷൻ

31.05.2019 രാവിലെ 10 മണി മുതൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അധ്യക്ഷതയിൽ നടന്ന പ്ലീനറി സെഷൻ ബഹു. ധനകാര്യ മന്ത്രി ഡോ. റ്റി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. ജലസംരക്ഷണം സംബന്ധിച്ച അവബോധം വളരാൻ ജലഗ്രാമസഭകൾ ആലോചിക്കേണ്ടതുണ്ടെന്നും മന്ത്രി ഡോ. റ്റി.എം. തോമസ്ഐസക് പറഞ്ഞു. ശ്രദ്ധയോടെയുള്ള സെപ്റ്റേജ് മാലിന്യങ്ങളുടെ സംസ്കരണവും പ്രധാനപ്പെട്ടതാണ്. കുടുംബങ്ങളിൽ അവബോധമെത്തിക്കാൻ സ്കൂൾ കുട്ടികൾ നല്ല ഉപാധികളാണ്. ഹരിതകേരളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഏകോപിപ്പിക്കാൻ കഴിയുന്ന സർക്കാർ പദ്ധതികളും വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കണം. തുടർപദ്ധതികൾക്ക് കൃത്യമായ ചട്ടക്കൂടും പദ്ധതിയും വേണം. ഓരോ ജനപ്രതിനിധിയും ഓർത്തിരിക്കാൻ കഴിയുംവിധം ഒരു നീർച്ചാലെങ്കിലും നവീകരിക്കാൻ മുൻകൈയെടുക്കണം. പഞ്ചായത്തുകളുടെ പ്ലാനിൽ ഇവ ഉൾപ്പെടുത്താൻ നടപടികൾ വേണമെന്നും അദ്ദേഹം പറഞ്ഞു.









കൃഷി വർധിപ്പിക്കാൻ കൃത്യമായ ജലസേചനം ഉറപ്പാക്കാൻ പഞ്ചായത്തുതലം മുതൽ ആസൂത്രണം വേണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജലവിഭവമന്ത്രി കെ. കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. ജലസേചനത്തിനുള്ള ജലത്തിന്റെ കുറവ് എവിടെ, എങ്ങനെ പരിഹരിക്കാം തുടങ്ങിയവ ഇത്തരത്തിൽ കണ്ടെത്താനാകും. കമ്യൂണിറ്റി ഇറിഗേഷനിലൂടെയും ഡ്രിപ് ഇറിഗേഷനിലൂടെയും വിള പരമാവധി മെച്ചപ്പെടുത്താനാകും. കുളങ്ങൾ തമ്മിൽ ചെറിയലിങ്ക് നൽകാനായാൽ വെള്ളം കുറവുള്ളവയിൽ വെള്ളമെത്തിക്കാനും ഭൂഗർഭജല വിതാനം ഉയർത്താനും സഹായമാകുമെന്നും അദ്ദേഹം പറഞ്ഞു.

നദീ പുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും എന്ന സെഷനിലെ അവതരണങ്ങൾ സി.ഡബ്ല്യു.ആർ.ഡി.എം.ലെ ഡോ. ദിനേശൻ വി.പി.യും കേരളത്തിന്റെ ജലസുരക്ഷയും പ്രാദേശിക സ്രോതസ്സുകളും എന്ന സെഷനിലെ അവതരണങ്ങൾ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ. ഷംസുദ്ദീൻ കെ.എച്ചും നഗരനീർച്ചാലുകളുടെ ശൃംഖലയും മലിനജല പരിപാലനവും എന്ന സെഷനിലെ അവതരണങ്ങൾ മുംബൈ ഐ.ഐ.ടി.യിലെ പ്രൊഫസർ ശ്രീ. എൻ.സി. നാരായണനും ക്രോഡീകരിച്ചുകൊണ്ട് സംസാരിച്ചു. ഈ അവതരണങ്ങളുടേയും 30.05.2019 ന് നടന്ന വിദഗ്ധരുടെ യോഗത്തിലെ ചർച്ചയുടേയും അടിസ്ഥാനത്തിൽ ഭാവിപ്രവർത്തനത്തിനുവേണ്ട നിർദ്ദേശങ്ങൾ ബഹു. ധനകാര്യ മന്ത്രി നൽകി.

## ജലസംഗമത്തിന്റെ ഭാഗമായി ഉയർന്നു വന്ന ഭാവി പ്രവർത്തന നിർദ്ദേശങ്ങൾ

### 1. നദീ പുനരുജ്ജീവനവും സുസ്ഥിര ജലലഭ്യതയും

മഴയിലൂടെ മാത്രം ശുദ്ധജലം ലഭിക്കുന്ന പ്രദേശമാണു കേരളം. വർഷത്തിൽ പകുതിയിൽ താഴെ ദിവസങ്ങളിലായി മാത്രം ലഭിക്കുന്ന മഴ നൽകുന്ന ജലം ശേഖരിച്ചു നിർത്തുകയും മെല്ലെമാത്രം വിട്ടുകൊടുക്കുകയും ചെയ്യുന്ന കാടുകളും കുളങ്ങളും ചിറകളും തണ്ണീർതടങ്ങളും പുഴകളുമെല്ലാം പരസ്പരാശ്രിതമായി നിലനിൽക്കുന്ന ഭൗമസവിശേഷതയാണ് കേരളത്തിന്റെ ജലസുരക്ഷയുടെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ഓരോ സ്വാഭാവിക ജലശേഖരങ്ങളുടേയും സംരക്ഷണം സുപ്രധാനമാണ്.

നാല്പത്തിനാലു നദികളും അവയുടെ കൈവഴികളുമായി സംസ്ഥാനത്തുടനീളം നീർച്ചാലുകളാൽ സമ്പന്നമാണു കേരളം. നമ്മുടെ പ്രധാന നദികൾ ഹൈഡ്രോളജീയമായ തരംതിരിവിൽ പൊതുവെ 5th, 6th, 7th, 8th ഓർഡർ നീർച്ചാലുകളാണ്. നമ്മുടെ പ്രധാന ജലസംഭരണികൾ ഇത്തരം വലിയ നദികളിലാണ്. എന്നാൽ ഈ പ്രധാന നദികളിലേക്ക് വന്നു ചേരുന്ന ചെറു നദികളും തോടുകളും വലിയതോതിലുള്ള അപചയം നേരിടുന്ന സ്ഥിതിയാണുള്ളത്.

### നിലവിലുള്ള വെല്ലുവിളികൾ

പുനരുജ്ജീവിപ്പിച്ച തോടുകളും നദികളും വീണ്ടും പഴയ അപചയത്തിലേയ്ക്കു മടങ്ങിപ്പോകുന്നു എന്നതു തന്നെയാണ് നദീ പുനരുജ്ജീവന പദ്ധതികൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. ആദ്യ നേട്ടവും മാതൃകയുമായിരുന്ന വരട്ടാർ തന്നെ വീണ്ടും മണ്ണടിഞ്ഞും ഒഴുക്കുനിലച്ചും പോകുന്ന സ്ഥിതിയിലാണുള്ളത്. വലിയ ജനപങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ പുഴകൾ വീണ്ടും മലിനമാക്കപ്പെടുന്നു. ഉത്സവഛായയോടെ ഒറ്റത്തവണ നടപ്പാക്കപ്പെടുന്ന ശുചീകരണ-പുനരുജ്ജീവന പദ്ധതികൾക്ക് ഉപരിയായി നദീ സംരക്ഷണം അഥവാ ഏതൊരു ജലശേഖര സംരക്ഷണവും സുസ്ഥിരതയുള്ള പ്രവർത്തനമാകേണ്ടതുണ്ട്.

### ജലമേഖലാ ഉപമിഷൻ മുന്നോട്ടു വയ്ക്കുന്ന പ്രവർത്തനങ്ങൾ

1. നദീ പുനരുജ്ജീവനം എന്നാൽ മുഴുവൻ നദീതടവും (ഏത് ഓഡറിലുള്ള നദിയായാലും) ഉൾപ്പെടുത്തിയുള്ളതും ശാസ്ത്രീയവുമാകണം.
2. തുടക്കത്തിൽ ഒരു ഭാഗത്തുമാത്രമായി ആണ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതെങ്കിൽ തുടർന്ന് അത് മുഴുവൻ നദീതടത്തിലും വ്യാപിപ്പിക്കണം.
3. നദീതടത്തിനകത്തു വരുന്ന ചെറുചാലുകളുടേയും തോടുകളുടേയും വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിക്കണം.
4. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും വരുന്ന ഭാഗങ്ങളിൽ വീടുകൾ, സ്ഥാപനങ്ങൾ മറ്റു

സ്ഥലങ്ങൾ എന്നിവയിൽ നിന്നും പുറത്തേയ്ക്ക് വരുന്ന എല്ലാ മാലിന്യങ്ങളും തിട്ടപ്പെടുത്തണം.

5. ഇവയ്ക്കോരോന്നിനുമുള്ള വികേന്ദ്രീകൃതമോ കേന്ദ്രീകൃതമോ ആയ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തണം.
6. നീർച്ചാലുകളിലേയ്ക്ക് സുരക്ഷിതമായ ജലം (recycled/treated water)മാത്രമേ ഒഴുകിയെത്തുന്നുള്ളൂവെന്ന് ഉറപ്പാക്കണം
7. മുൻപ് നിലനിന്നിരുന്ന ചാലുകളുടെ ശൃംഖല (network of drains)പുന:സ്ഥാപിക്കണം
8. പൂർണമായും തടസ്സപ്പെട്ട ചാലുകൾ വീണ്ടെടുക്കാൻ സാധിച്ചില്ലെങ്കിൽ ബൈപാസ് ചെയ്ത്, നെറ്റ്‌വർക്ക് പൂർത്തിയാക്കി ഒഴുക്ക് പുന:സ്ഥാപിക്കുന്നതിനുള്ള നിർമ്മി തികൾ ഏറ്റെടുക്കണം.
9. ഏറ്റെടുക്കുന്ന നദിയുടെ/കൈത്തോടിന്റെ ഹൈഡ്രോളജീയ സവിശേഷതകൾ പരിഗണിച്ച് വിവിധ സാങ്കേതിക ഇടപെടലുകൾ നടത്തണം.
10. വിവിധ ആവശ്യങ്ങൾക്ക് വേണ്ടി വരുന്ന വെള്ളത്തിന്റെ (നീർച്ചാലിൽ വേനൽക്കാലത്തും ചുരുങ്ങിയ നീരൊഴുക്കെങ്കിലും നിലനിർത്തുന്നതുൾപ്പെടെ) ആകെ അളവ് തിട്ടപ്പെടുത്തുകയും ആ നദീതടത്തിൽ മഴയിലൂടെയും വിവിധ ജല സംഭരണികളിലൂടെയും (കിണറുകൾ, കുളങ്ങൾ, ചെക്ക്ഡാമുകൾ, etc) ലഭ്യമായ വെള്ളത്തിന്റെ അളവുമായി താരതമ്യപ്പെടുത്തി ഓരോ കാലയളവിലുള്ള വെള്ളത്തിന്റെ കുറവ് കണ്ടെത്തണം.
11. അത് പരിഹരിക്കുന്നതിനാവശ്യമായ പുതിയ കിണറുകൾ, കുളങ്ങൾ, നിലവിലുള്ളവയുടെ പുനരുജ്ജീവനം, സംരക്ഷിക്കൽ, മറ്റു സംഭരണികൾക്കുള്ള (ബന്ധാര പോലുള്ള) സാധ്യതകൾ തുടങ്ങിയവ ആസൂത്രണം ചെയ്ത് നടപ്പാക്കണം.
12. ഒരു നദീതടത്തിലെ ജലലഭ്യത വർധിപ്പിക്കുന്നതിനും ജലനഷ്ടം കുറക്കുന്നതിനുമാവശ്യമായ വിവിധങ്ങളായ ആവാഹകപ്രദേശ സംരക്ഷണ പദ്ധതികൾ (catchment area treatment plans) പ്രദേശത്തിന്റെ പ്രത്യേകതക്കനുസരിച്ച് ഏറ്റെടുക്കുകയും നിലനിർത്തുകയും ചെയ്യണം.
13. പ്രദേശത്തെ ജനങ്ങളെയാകെ ഈ പ്രവർത്തനങ്ങളിൽ അണിനിരത്തുകയും അവരുടെ സ്വന്തം സ്ഥലത്തും വീടുകളിലും മഴവെള്ളക്കൊയ്ത്ത് (Rain water harvesting) ഉൾപ്പെടെയുള്ള ജലസംരക്ഷണ നടപടികൾ ഏറ്റെടുപ്പിക്കുകയും ചെയ്യണം.
14. പ്രദേശത്തിന്റെ ജല ലഭ്യതക്കനുസരിച്ചുള്ള ജലവിനിയോഗ സംസ്കാരത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് നടപ്പാക്കണം.
15. ജലലഭ്യതക്കനുസരിച്ച് കാർഷിക പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.
16. സംരക്ഷിക്കപ്പെടുന്ന ഓരോ നീർച്ചാലിന്റെയും ബേസിനകത്തുള്ള സ്രോതസുകളും വെള്ളത്തിന്റെ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രദേശത്തെ ജനങ്ങൾക്ക് ഏൽപ്പിച്ചു നൽകണം.
17. മത്സ്യകൃഷി, വ്യവസായാവശ്യം, നീന്തൽ, വിനോദസഞ്ചാരം, നെൽകൃഷി, പറമ്പുകൃഷി, കന്നുകാലി വളർത്തൽ, കുടിവെള്ളം തുടങ്ങി വ്യത്യസ്ത ആവശ്യങ്ങൾക്കനുസൃതമായ സംരക്ഷണ പ്ലാനുകൾ ഉണ്ടാക്കണം.

## 2. കേരളത്തിന്റെ ജലസുരക്ഷയും പ്രാദേശിക സ്രോതസുകളും

580km നീളത്തിൽ സമുദ്രതീരവും പരമാവധി 120km വരെ മാത്രം വീതിയുമുള്ള ഭൂപ്രദേശമാണു കേരളം. പടിഞ്ഞാറേയ്ക്കു ഏറെ ചരിഞ്ഞ ഈ ഭൂപ്രകൃതിയും ആറു മാസത്തിൽ കുറഞ്ഞ കാലയളവിൽ മാത്രം ലഭിക്കുന്ന മഴയെ മാത്രം ആശ്രയിച്ചുള്ള ജലലഭ്യതയും, പെയ്യുന്ന മഴ ശേഖരിച്ചു സൂക്ഷിച്ചില്ലെങ്കിൽ വളരെ വേഗം കടലിലേക്ക് ഒഴുകി ഒഴിഞ്ഞു പോകുന്ന സവിശേഷ സാഹചര്യമൊരുക്കുന്നു. ഇത് വേനൽക്കാല ജലക്ഷാമമായാണു പ്രതിഫലിക്കുന്നത്. ലഭ്യമായ എല്ലാ ജലസ്രോതസുകളുടേയും സംരക്ഷണത്തിലൂടെ മാത്രമേ ഈ പ്രതിസന്ധി മറികടക്കാനാകൂ.

44 നദികളും അസംഖ്യം തോടുകളും അരുവികളും നിരവധി തടാകങ്ങളും കായലും കടലും 40,000-ലധികം പൊതുകുളങ്ങളും 66 ലക്ഷത്തിലധികം സ്വകാര്യ കിണറുകളും കുളങ്ങളും 53 ജല സംഭരണികളും 6000 കിലോമീറ്ററിലധികം ജലസേചന-ലിഫ്റ്റ് ഇറിഗേഷൻ കനാലുകളും കേരളത്തിലുണ്ട്. ഭൂവിനിയോഗത്തിൽ വന്ന മാറ്റം, കാലാവസ്ഥയിലെ വ്യതിയാനം, അതിവേഗത്തിൽ സംഭവിക്കുന്ന നഗരവത്ക്കരണം, ജീവിതചര്യയിലും കൃഷിരീതിയിലും ഉണ്ടായ മാറ്റം എന്നിവയെല്ലാം നമ്മുടെ ജലസ്രോതസ്സുകളെ വളരെയധികം പരിമിതപ്പെടുത്തുകയും ഇല്ലാതാക്കുകയും ചെയ്തു കൊണ്ടിരുന്നു.

തോടുകളുടേയും നദികളുടേയും ഓരങ്ങളിൽ വികസിച്ചുവരുന്ന ഒട്ടനവധി ചെറുപട്ടണങ്ങളും നഗരവത്ക്കരണവും നമ്മുടെ തോടുകളിലേക്ക് വലിച്ചെറിയുന്ന മാലിന്യങ്ങളും ഒഴുക്കിവിടുന്ന മലിനജലവുമാണ് തോടുകളുടേയും നദികളുടേയും സ്ഥായിയായ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന ഏറ്റവും വലിയ വെല്ലുവിളി. ആശുപത്രികൾ, ചെറുതും വലുതുമായ ഹോട്ടലുകളും റെസ്റ്റോറന്റുകളും, വാഹന റിപ്പയർ വർക്ക്ഷോപ്പുകളും പ്രാർത്ഥനാലയങ്ങളും ധ്യാനകേന്ദ്രങ്ങളും ഒക്കെയായി ഖര-ജല മാലിന്യങ്ങൾ തോടുകളിലേക്കും നദികളിലേക്കും പലപ്പോഴും ആവശ്യത്തിന് സംസ്ക്കരണമില്ലാതെ ഒഴുക്കിവിടുന്ന തും കാണാം. നഗരവത്ക്കരണത്തിന്റെ ഭാഗമായി വീടുകളിൽ സ്ഥാപിച്ചിട്ടുള്ള സെപ്റ്റിക്ടാങ്കുകൾ ഇടയ്ക്കിടക്ക് ശൂന്യമാക്കുന്നതിനായി വിസർജ്യമാലിന്യങ്ങൾ പുറത്തെടുത്ത് തള്ളുന്നതും നമ്മുടെ തോടുകളിലേക്കും നദികളിലേക്കും തന്നെയാണ്. ഒഴുക്കുള്ള മാസങ്ങളിൽ ഇതൊന്നും ശ്രദ്ധിക്കപ്പെടാതെ പോകുമെങ്കിലും ഒഴുക്കില്ലാത്ത/നീരൊഴുക്ക് കുറവുള്ള മാസങ്ങളിൽ ഖര-ജല മാലിന്യങ്ങളുടെ ഗാഢത വർദ്ധിക്കുകയും അവ കെട്ടിനിൽക്കുകയും പകർച്ച വ്യാധികൾ പെരുകുന്നതിനു കാരണമാകുകയും ചെയ്യുന്നു.

### ജലസുരക്ഷാ പ്രവർത്തന പരിപാടി

1. വരൾച്ചാ മുന്നൊരുക്കത്തിലെ പ്രധാന ഘടകം വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കൽ തന്നെയാണ്. വേനൽക്കാലത്തേയ്ക്ക് ഉപയോഗയോഗ്യമായ ജലസ്രോതസ്സുകൾ ഏതൊക്കെയെന്നു നിർണ്ണയിക്കുകയും അവ സംരക്ഷിക്കുകയും വേണം. ഓരോ പ്രാദേശിക ജലസ്രോതസിനേയും ജനപങ്കാളിത്തത്തോടെ പഠിക്കുകയും ഇവയിൽ വേനൽക്കാലത്ത് ജലലഭ്യതയുള്ളതും വരണ്ടു പോകുന്നതും ഉപയോഗ ശൂന്യമായതും തിരിച്ചറിയുകയും വേണം.

- ഉപയോഗ ശൂന്യമായത് വൃത്തിയാക്കി അനുയോജ്യമായി ഉപയോഗിക്കണം.
- ജലലഭ്യതയുള്ള സ്രോതസുകളിൽ നിന്നും ഇല്ലാത്ത സ്രോതസുകളിലേക്കും പ്രദേശങ്ങളിലേക്കും ജലമെത്തിക്കണം.
- വരണ്ടു പോകുന്ന സ്രോതസുകളിലെ ജലലഭ്യത കൂട്ടുന്നതിനുള്ള മഴവെള്ള സംഭരണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം.

ഇവയെല്ലാമടങ്ങുന്ന സമഗ്ര പ്രവർത്തനമാണ് ജലസുരക്ഷ ഉറപ്പാക്കാനാവശ്യം.

2. പൊതുകിണറുകൾ, കുളങ്ങൾ, ചിറകൾ തുടങ്ങിയവയിലെ വെള്ളത്തിന്റെ ലഭ്യത കണക്കാക്കി നാട്ടറിവിലൂടെ വേനൽ മാസങ്ങളിൽ ഉണ്ടാകാവുന്ന വെള്ളം തിട്ടപ്പെടുത്തണം. ഇങ്ങനെ ഓരോ പ്രദേശത്തെയും ജലലഭ്യത മനസ്സിലാക്കുകയും ആ പ്രദേശത്തെ ജലാവശ്യവുമായി താരതമ്യം ചെയ്ത് ഗ്യാപ് കണ്ടെത്തി അത് നികത്താനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയുമാണു വേണ്ടത്. ടാങ്കറുകളിലൂടെയുള്ള ജലവിതരണത്തിന് യോജിച്ച സ്രോതസ്സുകളും ലഭ്യമാക്കാവുന്ന അളവും ഇങ്ങിനെ കണ്ടെത്താം. അതിലൂടെ വേഗത്തിലും ഏറ്റവും കുറഞ്ഞ ചെലവിലും ഏറ്റവും ഫലപ്രദമായി ജലലഭ്യത എല്ലായിടത്തും ഉറപ്പാക്കാനാകും.
3. സ്ഥിരമായി ജല വിതരണമുള്ള ഇറിഗേഷൻ കനാലുകൾ, ഉപേക്ഷിക്കപ്പെട്ട പാറമടക്കുളങ്ങൾ, മറ്റു വലിയ ജല സംഭരണികൾ (വലിയ കുളങ്ങൾ, ചെക്ക് ഡാമുകൾ, etc). ഇവയൊക്കെ പഠനവിധേയമാക്കുകയും വേനലിലെ ജലലഭ്യത ഉയർത്തുന്നതിനുള്ള സ്രോതസുകളായി ഉപയോഗപ്പെടുത്തുകയും വേണം.
4. വടക്കു-കിഴക്കൻ മൺസൂൺ (തുലാവർഷം) കഴിയുമ്പോൾ മുതൽ ഓരോ മഴയിലും ലഭിക്കുന്ന വെള്ളം കിണറുകളിലും കുളങ്ങളിലും എത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശാസ്ത്രീയമായും ലളിതമായും നടപ്പാക്കേണ്ടതുണ്ട്. കിണറുള്ള ടെറസ് വീടുകളിൽ മേൽക്കൂരയിലും മുറ്റത്തും പെയ്യുന്ന മഴ കിണറിനടുത്ത് എത്തിക്കാനും ഒരു ഫിൽട്ടർ സംവിധാനത്തിലൂടെ കിണറിലേക്കിറക്കാനുമുള്ള നടപടികൾ എടുക്കണം.
5. കുളങ്ങളിലേക്കു വെള്ളമെത്തുന്ന എല്ലാ ചാലുകളും തടസ്സങ്ങൾ മാറ്റി കുളത്തിലേക്കു തുറന്നു വയ്ക്കുകയും അതോടൊപ്പം തന്നെ മാലിന്യങ്ങളും മണ്ണും കുളത്തിലേയ്ക്ക് എത്തുന്നില്ലാ എന്നത് ഉറപ്പാക്കുകയും വേണം.
6. ഓരോ പറമ്പിലും വീഴുന്ന വെള്ളം പുറത്തേക്കൊഴുക്കി കളയാതെ അവിടെ തന്നെ താഴ്ത്തുകയോ കിണറോ കുളമോ ഉള്ള ഇടങ്ങളിലേക്ക് തിരിച്ചുവിടുകയോ ചെയ്യണം.
7. ക്വാറികളിലെ വെള്ളം പരിശോധിക്കുകയും അളവെടുക്കുകയും ചെയ്ത് അവിടെ നിന്നു ജലം തൊട്ടടുത്ത പൊതുകുളങ്ങളിലേക്കെത്തിച്ച് ഉപയോഗയോഗ്യമാക്കാനാകും. ടാങ്കറുകൾക്കുള്ള വറ്റാത്ത സ്രോതസായി ഇവയെ ഉപയോഗിക്കാം. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ ജല

ദൗർലഭ്യമേഖലകളുമായും സ്രോതസുകളുമായും ലിങ്ക് ചെയ്യുന്നതിനുള്ള നടപടികളാണ് ആവിഷ്ക്കരിക്കേണ്ടത്.

8. വേനൽക്കാല ജലസ്രോതസ്സുകളാകാവുന്ന എല്ലാ ജലശേഖരങ്ങളുടേയും ശുചീകരണവും സംരക്ഷണവും അവയിൽ മാലിന്യങ്ങൾ കലരുന്നതു തടയാനുള്ള നടപടികളും ഉടനുണ്ടാകണം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതു പൊതു കാമ്പയിൻ എന്ന നിലയിൽ ജനപങ്കാളിത്തത്തോടെ നടത്തുകയും നിയമാനുസൃതമായ ജലസ്രോതസ്സ് മലിനീകരണ നിയന്ത്രണം കർശ്ശനമാക്കുകയും വേണം.
9. ജലലഭ്യത ഉറപ്പാക്കുന്ന സ്രോതസുകൾക്ക് ഉടമസ്ഥരുടെയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ ജനകീയ മേൽനോട്ട കമ്മിറ്റികൾ രൂപീകരിക്കുകയും ആസൂത്രിതമായ ജലസ്രോതസ് സംരക്ഷണവും ജലവിനിയോഗവും ഉറപ്പാക്കുകയുമാണു വേണ്ടത്.

ജനകീയ സമിതികളുടെ ഉത്തരവാദിത്തത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

- വെള്ളത്തിന്റെ ആവർത്തന ആവശ്യമനുസരിച്ച് വെള്ളം നൽകേണ്ട ഇടവേളകളും അളവും തീരുമാനിക്കൽ.
- കൃഷിയുൾപ്പെടെയുള്ള വരുമാന മാർഗ്ഗങ്ങൾ വർധിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും വിദഗ്ധരുടെ സഹായത്തോടെയുള്ള ശ്രമങ്ങൾ.
- വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് കൃഷി രീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ തുള്ളിനന, പകരം വിളകകൾ തുടങ്ങിയ.
- ഒരു പ്രദേശത്തിന്റെയോ നീർത്തടത്തിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ ജലസുരക്ഷാപദ്ധതിയുമായി ബന്ധപ്പെടുത്തി ഇടപെടലുകൾ നടത്തൽ.
- പുതിയ കിണറുകളും കുളങ്ങളും നിർമ്മിക്കൽ.

## 3. മലിനജലസംസ്കരണവും നഗരപ്രദേശ നീർച്ചാലുകളുടെ വീണ്ടെടുപ്പും
(Rejuvenation of city rivulets and grey water treatment)

മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യവും അതിലുണ്ടാകുന്ന പോരായ്മകൾ നമ്മുടെ പരിസരത്തിന് ഏൽപ്പിക്കുന്ന ആഘാതവും ഏറ്റവും വ്യക്തമായി ഉയർത്തിക്കാട്ടുന്ന ഉദാഹരണങ്ങളാണ് നഗരപ്രദേശ നീർച്ചാലുകൾ. അതിവിദൂര മൊന്നുമല്ലാത്ത ഒരുഭൂതകാലത്ത് തെളിനീരൊഴുകിയിരുന്ന കൈത്തോടുകളാണ് ഇന്നു നമ്മുടെ ഏതൊരു നഗരപ്രദേശത്തും കാണാവുന്ന ദുർഗന്ധം വമിക്കുന്ന മാലിന്യ വാഹികൾ ഓരോന്നും. ആസൂത്രിതമല്ലാതെ നടന്നതും നടന്നുവരുന്നതുമായ നഗരവത്ക്കരണവും മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങളുടെ കുറവുമാണ് നഗരപ്രദേശ നീർച്ചാലുകളെ ഓടകളാക്കി മാറ്റിയത്. ഇന്ന് അവയൊക്കെ ജനജീവിതത്തെ ദുസ്സഹമാക്കുന്ന ദുർഗന്ധവാഹികളും കൊതുകുവളർത്തൽ കേന്ദ്രങ്ങളുമായി പരിണമിച്ചിരിക്കുന്നു.

### പ്രശ്നങ്ങൾ

നഗരപ്രദേശ നീർച്ചാലുകളുടെ ഇന്നത്തെ ദുരവസ്ഥയുടെ കാരണങ്ങൾ പരിശോധിച്ചാൽ ചെന്നെത്തുക താഴെപ്പറയുന്നവയിലായിരിക്കും.

- ഖരമാലിന്യങ്ങൾ, പ്രത്യേകിച്ചും പ്ലാസ്റ്റിക്ക്, അടിഞ്ഞുകൂടി ഒഴുക്കു തടസ്സപ്പെട്ടി രിക്കുന്നു.
- ചേറടിഞ്ഞും പാഴ്ചെടികൾ വളർന്നും രൂപപ്പെടുന്ന തുരുത്തുകൾ മൂലം വെള്ളം കെട്ടിനിന്നു കൊതുകുവളരുന്നു.
- ചീഞ്ഞളിയുന്ന ജൈവമാലിന്യം ദുർഗന്ധമുണ്ടാക്കുന്നു.
- സമീപത്തുള്ള വീടുകളും സ്ഥാപനങ്ങളും വിസർജ്ജ്യമാലിന്യം അടക്കമുള്ള ദ്രാവകമാലിന്യം ഒഴുക്കുന്നതിനാൽ ജലഗുണനിലവാരം അങ്ങേയറ്റം മോശമാ യിരിക്കുന്നു.
- കാഴ്ചയിൽ അറപ്പുളവാക്കുക മാത്രമല്ല, മഴക്കാലത്തു കരകവിഞ്ഞൊഴുകി സമീപപ്രദേശത്തെ മലിനീകരിക്കുക കൂടിചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിനു ശ്രമിക്കുന്നവർക്ക് അവിടത്തെ നീർച്ചാലുകളുടെ വീണ്ടെടുപ്പ് കൂടി ഏറ്റെടുക്കാതിരിക്കാ നാവില്ല.

## പ്രവർത്തന പദ്ധതി സാദ്ധ്യതകൾ

മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി മാത്രമേ നഗരപ്രദേശ നീർച്ചാലുക ളുടെ പുനരുജ്ജീവനം സാദ്ധ്യമാകൂ എന്നതു വ്യക്തമാണല്ലോ. അതുകൊണ്ടു തന്നെ നീർച്ചാലുകളുടെ ആവാഹക പ്രദേശമായി വരുന്ന പ്രദേശത്ത് മാലിന്യ പരിപാലനം ചിട്ടപ്പെടുത്തുകയാകണം പ്രവർത്തന പദ്ധതിയിലെ ആദ്യപടി.

1. മാലിന്യങ്ങൾ വലിച്ചെറിയപ്പെടുന്നില്ല എന്നത് ഉറപ്പാക്കണം. ഇതിനായി ജൈവ മാലിന്യ ത്തിന്റെ പൂർണ്ണമായ സംസ്ക്കരണവും ജൈവവളമാക്കി മാറ്റലും (ഉറവിടത്തിൽ തന്നെയോ അതി നോട് ഏറ്റവുമടുത്തുള്ള സാമൂഹിക സംവിധാനത്തിലോ). അജൈവ മാലിന്യത്തിന്റെ ശേഖരണവും സുരക്ഷിതമായ നീക്കം ചെയ്യലും.
2. ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്ക്കരണ സംവിധാനങ്ങളുറപ്പാക്കികഴി ഞ്ഞാൽ, മാലിന്യം പൊതുസ്ഥലത്ത് ഉപേക്ഷിക്കുന്നവർക്ക് എതിരെ കർശ്ശനമായ നിയമനടപടികൾ സ്വീകരിക്കണം.
3. നീർച്ചാലിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള ഇരുകരയിലും നടത്തുന്ന വിപുലമായ ജന കീയ അവബോധന പ്രക്രിയയിലൂടെ, നീർച്ചാലിലേക്കു തുറന്നിരിക്കുന്ന എല്ലാ മാലിന്യവാഹികളും (വിസർജ്ജ്യ മാലിന്യക്കുഴലുകളും മലിനജലവാഹികളും എല്ലാം) നീക്കം ചെയ്യണം.
4. സെപ്റ്റിക് ടാങ്കുകളും സോക്കേജ് പിറ്റുകളും (വലിയ സ്ഥാപനങ്ങൾ STPയും)ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കണം. ആവശ്യ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സെപ്റ്റിക് ടാങ്കുകൾ ഉറപ്പാക്കണം.
5. മലിനജലസംസ്കരണത്തിന് വിജയകരമായ പല ആഗോളതല മാതൃകകളും ലഭ്യമാണ്. അവയുടെ ചുവടുപിടിച്ചും സ്വതന്ത്രമായും വിവിധ മാതൃകകൾ പലയിടത്തായി പരീക്ഷിക്കപ്പെട്ടിടുന്നുമുണ്ട്. ആലപ്പുഴയിൽ IIT മുംബൈയുടെ സഹകരണത്തോടെ നടപ്പാക്കപ്പെടുന്ന CAN ALEPPY ക്യാമ്പ യിനും എറണാകുളത്ത് അമൃതയിൽ വിദേശ സാങ്കേതിക വിദ്യാസഹായത്തോടെ നടക്കുന്ന പ്രവർ ത്തനവുമൊക്കെ ഇതിനുദാഹരണമാണ്. പലയിടത്തായി നടക്കുന്ന ഈ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും വിദഗ്ദ്ധ സഹായത്തോടെ പരുവപ്പെടുത്തിയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ചുമത ലയിൽ നടപ്പാക്കാവുന്ന off-the-shelf സാങ്കേതിക വിദ്യയാക്കി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ വകുപ്പ് തലത്തിലും ഉണ്ടാകണം.
6. ഖരമാലിന്യങ്ങൾ പൂർണ്ണമായും അരിച്ചു മാറ്റുകയും ഒരു നിശ്ചിതഗുണനിലവാരം വരെ സംസ്ക്ക രിക്കുകയും ചെയ്ത തെളിഞ്ഞ വെള്ളം മാത്രം നീർച്ചാലിലേക്ക് ഒഴുക്കാൻ അനുവദിക്കണം.
7. നീർച്ചാലിന്റെ മുഴുവൻ ദൈർഘ്യത്തിലും നിലവിലുള്ള മാലിന്യവും കാട്ടുചെടികളും ചേറടിഞ്ഞുകൂടിയ തുരുത്തുകളും നീക്കം ചെയ്യണം.
8. പാർശ്വസംരക്ഷണം ഉറപ്പാക്കണം. ആവശ്യമായ ഇടങ്ങളിൽ കയർഭൂവസ്ത്രം (geo-textile) ഉപയോ ഗിച്ചു സംരക്ഷണം ഉറപ്പാക്കണം.
9. ഇരുകരയിലുമുള്ള തദ്ദേശവാസികളുടെ, പ്രത്യേകിച്ചും പ്രാദേശിക കൂട്ടായ്മകളുടെ (ക്ലബ്ബുകൾ, വായനശാലകൾ, റസിഡന്റ്സ് അസോസിയേഷനുകൾ) പങ്കാളിത്തത്തോടെ നീർച്ചാൽ സംരക്ഷണ സമിതികൾ രൂപീകരിക്കണം.
10. ശുചീകരിച്ച അരുവിയുടെ ഇരുകരകളിലും തണൽമരങ്ങളും പൂന്തോട്ടങ്ങളും നടപ്പാതകളും സൈക്കിൾ പാതകളും ഒരുക്കി അവ പ്രഭാതനടത്തത്തിനും സായാഹ്നകൂട്ടായ്മകൾക്കുമുള്ള പൊതു ഇടങ്ങളാക്കണം.
11. തുടർന്നുള്ള കാലത്ത് വേനലിൽ നീരൊഴുക്കു തീരെക്കുറയുന്നുവെങ്കിൽ മഴവെള്ള സംഭരണത്തി ലൂടെയും മറ്റു വലിയ ജലശേഖരങ്ങളുമായി ബന്ധിപ്പിച്ചും പാരിസ്ഥിതിക സുരക്ഷിതമായ ഒഴുക്ക് ഉറപ്പാക്കുന്ന നടപടികളുമാകാം.

## ജലസംഗമം പ്രദർശനം





















**ഹരിതകേരളം മിഷൻ**
റ്റി.സി 2/3271(3)(4), ഹരിതം, കുട്ടനാട് ലെയിൻ,
പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, E-mail : haritham@kerala.gov.in
www.haritham.kerala.gov.in, https://www.facebook.com/harithakeralamission/